# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കീഴ്മാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം(പി5)/1561/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 03/03/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കീഴ്മാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കീഴ്മാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കീഴ്മാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം(പി5)/1561/21 തീയ്യതി: 03/03/2022

## എറണാകുളം ജില്ലയിലെ കീഴ്മാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കീഴ്മാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| കെ.എ. ഷാജിമോൻ | ഡെപ്യൂട്ടി ഡയറക്ടർ | 20-10-2021 | 30-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-10-2021 | 30-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീമതി സാലി ജോസഫ്,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
2. ശ്രീമതി ടെസ്സി, ഓഡിറ്റ് ഓഫീസർ
3. ശ്രീ പ്രസാദ് പി ജി, അസി. ഓഡിറ്റ് ഓഫീസർ
4. ശ്രീ ഷഹീർ എസ്, സീ.ഗ്രേ.ഓഡിറ്റർ
5. ശ്രീമതി വൃന്ദ സി എസ്, സീ.ഗ്രേ.ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ കെ എ രമേഷ് | പ്രസിഡന്റ് | 01-04-2020 | 29-12-2020 |
| ശ്രീമതി സതി ലാലു | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി ബിനി ഐപ്പ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2020 | 08-04-2020 |
| ശ്രീമതി അംബിക കെ പി | സെക്രട്ടറി | 09-04-2020 | 10-07-2020 |
| ശ്രീമതി ബിനി ഐപ്പ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-07-2020 | 27-07-2020 |
| ശ്രീമതി അംബിക കെ പി | സെക്രട്ടറി | 28-07-2020 | 26-10-2020 |
| ശ്രീ ഷിബു കെ കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 27-10-2020 | 16-11-2020 |
| ശ്രീമതി ബിനി ഐപ്പ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-11-2020 | 13-12-2020 |
| ശ്രീമതി അംബിക കെ പി | സെക്രട്ടറി | 14-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബിനി ഐപ്പ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി ബിജിമോൾ ഭാസ്കരൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 01-07-2020 |
| ശ്രീമതി ഷെമീന വി എ | അസിസ്റ്റന്റ് എഞ്ചിനീയർ | 02-07-2020 | 31-03-2021 |
| ശ്രീമതി ഹാജിറ പി എച്ച് | കൃഷി ഓഫീസർ | 01-04-2020 | 11-09-2020 |
| ശ്രീമതി ജീന | കൃഷി ഓഫീസർ | 12-09-2020 | 31-03-2021 |
| ഡോ. ബബിത മാത്യു | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ. ലിസ്യുക്സ് സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2020 | 31-03-2021 |
| ഡോ മിനി കെ എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ. സിമി എൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 23-02-2021 |
| ഡോ. മഹേഷ് പി യു | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 24-02-2021 | 31-03-2021 |
| ശ്രീമതി ഷജീന മൊയ്തീൻ | വി ഇ ഓ (എടയപ്പുറം) | 01-04-2020 | 31-03-2021 |
| ശ്രീ മുഹമ്മദ് സിദ്ദീഖ് | വി ഇ ഓ (കുട്ടമശ്ശേരി) | 01-04-2020 | 31-03-2021 |
| ശ്രീമതി ഫിലോമിന സക്കറിയ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-05-2020 |

| | | | |
|---|---|---|---|
| ശ്രീമതി അനിത അഫ്സൽ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-06-2020 | 31-03-2021 |
| ശ്രീമതി ഉഷാകുമാരി | എച്ച് എം | 01-04-2020 | 31-03-2021 |
| ശ്രീമതി സഹീറ എം എ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Tessy (Audit Officer, On 28-10-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 17-01-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Saly Joseph (Audit Officer (HG), On 29-10-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 08-02-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Saly Joseph (Audit Officer (HG), On 29-10-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 08-02-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Saly Joseph (Audit Officer (HG), On 29-10-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 17-01-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Saly Joseph (Audit Officer (HG), On 29-10-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 15-02-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Prasad P G (Asst. Audit Officer, On 29-10-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 17-01-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Saly Joseph (Audit Officer (HG), On 29-10-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 08-02-2022) | 1-7 |
| 8 | ക്യാഷ് വേരിഫിക്കേഷൻ<br>Written By: Saly Joseph (Audit Officer (HG), On 03-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 17-01-2022) | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Saly Joseph (Audit Officer (HG), On 29-10-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 15-02-2022) | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Saly Joseph (Audit Officer (HG), On 03-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 17-01-2022) | 1-10 |
| 11 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ - അർഹത പുന:പരിശോധിക്കേണ്ടതാണ്<br>Written By: Sheheer (Senior Grade Auditor, On 01-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 17-01-2022) | 1-11 |
| 12 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: Sheheer (Senior Grade Auditor, On 01-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 17-01-2022) | 1-12 |
| 13 | സ്ഥാപനങ്ങളുടെ ഡാറ്റാ ബേസ് നിലവില്ലില്ല<br>Written By: Sheheer (Senior Grade Auditor, On 01-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 15-02-2022) | 1-12-1 |
| 14 | ഫാറം നം. 6 ൽ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തുന്നില്ല<br>Written By: Sheheer (Senior Grade Auditor, On 01-11-2021)<br>Last Updated By: Sheheer (Senior Grade Auditor, On 03-11-2021) | 1-12-2 |
| 15 | റേഷൻ കട നടത്തിപ്പുകാർ, പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 01-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 17-01-2022) | 1-12-3 |
| 16 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 01-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 19-01-2022) | 1-12-4 |

| | | |
|---|---|---|
| 17 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 01-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 19-01-2022) | 1-12-5 |
| 18 | വിവിധ പദ്ധതി പ്രകാരം നിയമിച്ചിട്ടുള്ള ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 01-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 17-01-2022) | 1-12-6 |
| 19 | തനത് ഫണ്ട് അക്കൗണ്ട് - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്<br>Written By: Sheheer (Senior Grade Auditor, On 01-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 17-01-2022) | 1-13 |
| 20 | വിമുക്ത ഭടന്മാർക്ക് വസ്തു നികുതി ഇളവ് - രേഖകൾ പരിശോധനയ്ക്ക് നൽകിയില്ല<br>Written By: Sheheer (Senior Grade Auditor, On 01-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 02-03-2022) | 1-14 |
| 21 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Vrinda C S (Senior Grade Auditor, On 31-10-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 18-01-2022) | 1-15 |
| 22 | വസ്തു നികുതി - റസിഡൻഷ്യൽ ഹോംസ്റ്റേയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 01-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 18-01-2022) | 1-16 |
| 23 | വസ്തു നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്<br>Written By: Sheheer (Senior Grade Auditor, On 01-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 18-01-2022) | 1-17 |
| 24 | ക്യാൻസൽഡ് രസീറ്റ് റിപ്പോർട്ട് - ന്യൂനതകൾ<br>Written By: Vrinda C S (Senior Grade Auditor, On 31-10-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 19-01-2022) | 1-18 |
| 25 | ഹോമിയോ മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല – 5733 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Vrinda C S (Senior Grade Auditor, On 01-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 18-01-2022) | 1-19 |
| 26 | പ്രളയം ബാധിച്ച ലൈബ്രറികൾക്ക് പുസ്തകം വാങ്ങി നൽകൽ - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്<br>Written By: Sheheer (Senior Grade Auditor, On 01-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 18-01-2022) | 1-20 |
| 27 | കെ.എം.എസ്.സി.എലിൽ നിന്നും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 01-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 02-03-2022) | 1-21 |
| 28 | 24ാം നംമ്പർ അങ്കണവാടി നിർമ്മാണം<br>Written By: Saly Joseph (Audit Officer (HG), On 03-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 08-02-2022) | 1-22 |
| 29 | SC വനിത കെട്ടിട സമുച്ചയ നിർമ്മാണം-വാർഡ് -10<br>Written By: Saly Joseph (Audit Officer (HG), On 03-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 08-02-2022) | 1-23 |
| 30 | ആസ്തി പരിപാലനം -മാനദണ്ഡങ്ങൾ പാലിക്കുന്നില്ല<br>Written By: Prasad P G (Asst. Audit Officer, On 04-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 08-02-2022) | 1-24 |
| 31 | സൗരവൈദ്യുതീകരണം - മുൻകൂർ നൽകിയ തുക ക്രമീകരിച്ചില്ല<br>Written By: Prasad P G (Asst. Audit Officer, On 04-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 08-02-2022) | 1-25 |
| 32 | ലൈഫ് ഭവനപദ്ധതി സ്ഥലം വാങ്ങൽ- അപാകതകൾ<br>Written By: Prasad P G (Asst. Audit Officer, On 05-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 18-01-2022) | 1-26 |

| | | |
|---|---|---|
| 33 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ- അവലോകനം<br>Written By: Prasad P G (Asst. Audit Officer, On 04-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 18-01-2022) | 1-27 |
| ഭാഗം 2 | | |
| --- No Records Found --- | | |
| ഭാഗം 3 | | |
| --- No Records Found --- | | |
| ഭാഗം 4 | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Saly Joseph (Audit Officer (HG), On 30-12-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 28-02-2022) | 4-1 |
| 2 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Saly Joseph (Audit Officer (HG), On 03-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 28-02-2022) | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരം<br>Written By: Tessy (Audit Officer, On 28-10-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 28-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Saly Joseph (Audit Officer (HG), On 29-10-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 28-02-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Saly Joseph (Audit Officer (HG), On 29-10-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 28-02-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Saly Joseph (Audit Officer (HG), On 29-10-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 02-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Saly Joseph (Audit Officer (HG), On 29-10-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 28-02-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Saly Joseph (Audit Officer (HG), On 29-10-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 28-02-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Saly Joseph (Audit Officer (HG), On 29-10-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 28-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Saly Joseph (Audit Officer (HG), On 04-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 02-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Saly Joseph (Audit Officer (HG), On 29-10-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 28-02-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

26/03/2020 തീയതിയിലെ 1/1 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 16/02/2021 തീയതിയിലെ 2/9 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 15.10.2021 | -- | -- |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 40499817 |
| വരവ് | 102634302 |
| ആകെ | 143134119 |
| ചെലവ് | 109850325 |
| നീക്കിയിരിപ്പ് | 33283794 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 685426 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 18008898+ 2470102 | 18008898+ 2470102 | 17781270+ GO Project Rs.2470102 | 227628 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | 0 | 8757000 | 8757000 | 8087098+ Go Project Rs.88000 | 669902 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | 0 | 248000 | 248000 | 75078 | 172922 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 11497000 | 11497000 | 11272522 | 224478 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4638604 | 4638604 | 4638604 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 19139517 | 19139517 | 9404737 | 9734780 |
| കെ.എൽ.എസ്.ജി.ഡി.പി | 0 | 0 | 0 | 0 | 0 |
| സാക്ഷരത | 47974 | 1319 | 49293 | 0 | 49293 |
| ദുരിതാശ്വാസനിധി | 7729 | 313 | 8042 | 0 | 8042 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 329 | 160447055 | 265 | 78473150 | 3 | 61 | 80.54 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3,27,808 | 8,65,639 | 11,93,447 | 11,78,608 | 14,839 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് (റവന്യൂ-മൂലധന ചെലവുകൾ ഉൾപ്പടെ) | 0 | 1,46,92,675 | 1,46,92,675 | 1,46,92,675 | 0 |
| ആകെ | 3,27,808 | 1,55,58,314 | 1,58,86,122 | 1,58,71,283 | 14,839 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4237600 | 291 |
| വിധവാപെൻഷൻ | 20581700 | 1365 |
| വാർദ്ധക്യകാലപെൻഷൻ | 38281300 | 2863 |
| വികലാംഗപെൻഷൻ | 5939400 | 392 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ പെൻഷൻ | 373900 | 26 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29/10/2021-ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 29,727/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.01.2021 | മാർച്ച് 2020 മുതൽ സെപ്റ്റംബർ 2020 | 04/11/2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2015 | 2010-11 To 2014-15 | 20/10/2015 |

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽവന്ന ഫ്രണ്ട് ഓഫീസ് സംവിധാനം

പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമല്ല. താഴെപ്പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതായ രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. വിവിധ ഗ്രാന്റുകൾ സംബന്ധിച്ച രജിസ്റ്റർ പെൻസിൽ കൊണ്ട് എഴുതിയാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്.
2. സ്യൂട്ട് രജിസ്റ്ററിൽ കേസ് സംബന്ധമായ എല്ലാ വിവരങ്ങളും നടത്തിപ്പിനുണ്ടാകുന്ന ചെലവുകളും കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.
3. പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർഥമൂല്യത്തോടെയും, നിലവിലുള്ള ആസ്തികൾ ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രിസിയേഷൻ നല്കിയും ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
4. ഇ-ടെണ്ടർ നടത്തിയപ്പോൾ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട ടെണ്ടർ ഫീ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിരിക്കുന്ന തുക ലഭിച്ചിട്ടില്ല.
5. തൊഴിൽ നികുതി, ലൈസൻസ് ഫീ രജിസ്റ്ററുകൾ സൂക്ഷിയ്ക്കുന്നതിലും വരവ് രേഖപ്പെടുത്തുന്നതിലും സാരമായ അപാകതകൾ ഉള്ളതായി കാണുന്നു. ഗ്രാമപഞ്ചായത്തിൽ അനേകം വാണിജ്യ/വ്യവസായ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാകുന്നു. പഞ്ചായത്ത് പരിധിയിൽ ലൈസൻസ് എടുക്കാതെ സ്ഥാപങ്ങൾ പ്രവർത്തിയ്ക്കുന്നത് നിയമങ്ങൾക്കും ചട്ടങ്ങൾക്കും എതിരാണ്. കൂടാതെ നിയമാനുസൃതമായി പഞ്ചായത്തിന് ലഭ്യമാകേണ്ട വരുമാനത്തിലും കുറവുണ്ടാകുന്നു. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിയും ഭരണസമിതിയും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതും അപാകതകൾ പരിഹരിക്കുന്നതിന് മുൻകൈ എടുക്കേണ്ടതും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ആഭ്യന്തരനിയന്ത്രണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റിയും വിവിധ സ്റ്റാൻഡിങ്ങ് കമ്മിറ്റികളും കൈക്കൊള്ളേണ്ടതാണ്.

## 1-11 നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ - അർഹത പുന:പരിശോധിക്കേണ്ടതാണ്

സഞ്ചയ സോഫ്റ്റ്‌വെയറിലെ നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ പരിശോധനയിൽ താഴെ പറയുന്ന കെട്ടിടങ്ങളെ കാരണം രേഖപ്പെടുത്താതെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥൻ/ സ്ഥാപനത്തിന്റെ പേര് | ആകെ വിസ്തീർണ്ണം (ച.മീ.) | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 2/88 | ടി ബി ഹാഷിം (ദിശ ചാരിറ്റബിൾ) | 75 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയതിന്റെ കാരണം രേഖപ്പെടുത്തിയിട്ടില്ല. |
| 2 | 5/640 | സെക്രട്ടറി, സൂര്യ ആർട്ട്സ് | 14 | ,, |
| 3 | 7/681 | ആസ്ഹറുൽ ഉലൂം ചാരിറ്റബിൾ ട്രസ്റ്റ് | 80 | " |
| 4 | 8/50 | മദർ സുപ്പീരിയർ, അർച്ചന കോൺവെന്റ് | 1819 | " |

| | | | | |
|---|---|---|---|---|
| 5 | 8/537A | അനീഷ് എം എം, മംഗലശ്ശേരി വീട് | 7.07 | " |
| 6 | 9/307F | പി കെ അമ്മിണ്ണി, എഴുകോൽ തുണ്ടിയിൽ | 47.31 | ,, |
| 7 | 13/305 | ഡയറക്ടർ എസ് ഡബ്ല്യൂ ടി എസ് | 40 | ,, |
| 8 | 14/108B | ഫിറോസ് സുലേഖ & നജ്മ, മാനാട് ഹൗസ് | 9.72 | ,, |
| 9 | 17/76 | എസ് എൻ ഡി പി | 30 | ,, |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16/28.10.2021) മറുപടി നൽകിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. മതിയായ കാരണങ്ങളില്ലാതെ കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയ നടപടി പുന:പരിശോധിച്ച് അർഹതയ്ക്ക് വിധേയമായി കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 276(3)-ാം വകുപ്പ് പ്രകാരം ഫയൽ ചെയ്ത ഒരു അപ്പീൽ, അതു ലഭിച്ചശേഷം 60 ദിവസത്തിനകം പഞ്ചായത്തോ അല്ലെങ്കിൽ സ്റ്റാന്റിംഗ് കമ്മിറ്റിയോ അതിനു യുക്തമെന്നു തോന്നുന്ന രീതിയിൽ തീർപ്പു കൽപ്പിക്കേണ്ടതാണ് എന്ന് വിശദമാക്കിയിട്ടുണ്ട്. ആയതുകൊണ്ട് സമയബന്ധിതമായി ഇവയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ഇവ നിരീക്ഷണ വിധേയമാക്കുന്നതിനും ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടത് അനിവാര്യമാണ്. അത്തരത്തിലുള്ള വസ്തുനികുതി അപ്പീൽ രജിസ്റ്റർ, നികുതി എഴുതിതള്ളൽ സംബന്ധിച്ച രജിസ്റ്റർ, വേക്കൻസി റെമിഷൻ രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പഞ്ചായത്തിന്റെ 2019-20 ലെ തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

### 1-12-1 സ്ഥാപനങ്ങളുടെ ഡാറ്റാ ബേസ് നിലവില്ലില്ല

തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ഡാറ്റാ ബേസ് നിലവില്ലില്ല. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിലെ ആദ്യത്തെ പേജിൽ തൊഴിൽ നികുതി ഈടാക്കിയ സ്ഥാപനങ്ങളുടെ വിവരം ക്രമ നമ്പർ പ്രകാരം ചേർക്കുകയാണ് ചെയ്യുന്നത്. തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ഇലക്ട്രോണിക് ഡാറ്റാബേസ് തയ്യാറാക്കേണ്ടതാണ്. ഇതിനായി തൊഴിൽ വകുപ്പ്, ചരക്ക് സേവന നികുതി വകുപ്പ്, വ്യവസായ വകുപ്പ്, ക്ഷേമനിധി ബോർഡുകൾ മുതലായ വകുപ്പുകളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കാവുന്നതാണ്.

### 1-12-2 ഫാറം നം. 6 ൽ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തുന്നില്ല

തൊഴിൽ നികുതി ചട്ടം 10, 13, 14 എന്നിവ അനുസരിച്ച് ഫാറം നം. 6 ലുള്ള നോട്ടീസ് നൽകി സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും വരുമാനം സംബന്ധിച്ച വിവരം ശേഖരിക്കേണ്ടതും, ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയം നടത്തേണ്ടതുമാണ്. ഫാറം നം. 6 ൽ പ്രസ്തുത

വിവരങ്ങൾ ശേഖരിക്കുന്നുണ്ടെങ്കിലും പല സ്വകാര്യ സ്ഥാപനങ്ങളും ജീവനക്കാരുടെ അടിസ്ഥാന ശമ്പളം, ക്ഷാമ ബത്ത തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ഫാറത്തിൽ രേഖപ്പെടുത്തുന്നില്ല. സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ വരുമാനം സംബന്ധിച്ച എല്ലാ വിവരങ്ങളും ഫാറം നം. 6 ൽ രേഖപ്പെടുത്താൻ നിർദ്ദേശം നൽകേണ്ടതും ആയതിനനുസരിച്ച് ബാധകമായ തൊഴിൽ നികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-12-3 റേഷൻ കട നടത്തിപ്പുകാർ, പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ നടത്തിപ്പുകാർ, പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ആയത് ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2020-21 സാമ്പത്തിക വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരമുള്ള കരാറുകാരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | 2020-21 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരുടെ പേര് |
|---|---|
| 1 | ജാബിർ സി ബി |
| 2 | മുഹമ്മദ് ഫസൽ |
| 3 | മുഹമ്മദ് ബഷീർ |
| 4 | ഹനീഫ എം എ |
| 5 | ജോഷി സെബാസ്റ്റ്യൻ |
| 6 | ലിംഷാദ് ടി എം |
| 7 | ലിനോ പൗലോസ് |
| 8 | ഫിറോസ് എ ടി ഐ |
| 9 | ഗോപി പി കെ |
| 10 | ബാസി സി കെ |
| 11 | നന്ദനൻ വി കെ |
| 12 | ഹെല്ലി സിറിയക്ക് എൻ |
| 13 | ഷാജഹാൻ എ എസ് |
| 14 | പരീത് കുഞ്ഞ് കെ എം |

1-12-4 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ആയത് ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|---|
| 1 | കീഴ്മാട് ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 2 | കുട്ടമശ്ശേരി ക്ഷീരോൽപാദക | I &II |

| | | |
|---|---|---|
| | സഹകരണ സംഘം | |
| 3 | എടയപ്പുറം ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 4 | അക്ഷയ ഇ കേന്ദ്രം, കീഴ്മാട് | I &II |
| 5 | അക്ഷയ ഇ കേന്ദ്രം, കുട്ടമശ്ശേരി | I &II |
| 6 | കീഴ്മാട് സർവ്വീസ് കോ. ബാങ്ക്, തൊട്ടുമുഖം ഈസ്റ്റ് ബ്രാഞ്ച് | * |
| 7 | കീഴ്മാട് സർവ്വീസ് കോ. ബാങ്ക്, മഹിളാലയം ബ്രാഞ്ച് | |
| 8 | കീഴ്മാട് സർവ്വീസ് കോ. ബാങ്ക്, അശോകപുരം ബ്രാഞ്ച് | |
| 9 | കീഴ്മാട് സർവ്വീസ് കോ. ബാങ്ക്, ചുണങ്ങംവേലി ബ്രാഞ്ച് | |
| 10 | എൻ രാമസ്വാമി അയ്യർ & സൺസ് പെട്രോൾ പമ്പ്, അശോകപുരം | I &II |
| 11 | മെലെത്ത് ഫിനാൻസ്, അശോകപുരം | I &II |
| 12 | കെ എൽ എം ആക്സിവ ഗോൾഡ്, ചൂണ്ടി | I &II |
| 13 | മാളിയേക്കൽ ഫിനാൻസ്, അശോകപുരം | I &II |
| 14 | നക്ഷത്ര ജ്വല്ലറി, സൊസൈറ്റിപടി | I &II |

(* കീഴ്മാട് സർവ്വീസ് സഹകരണ ബാങ്കിന്റെ വിവിധ ബ്രാഞ്ചുകൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും എടയപ്പുറം ബ്രാഞ്ചിലെ ജീവനക്കാരുടെ തൊഴിൽ നികുതി മാത്രമാണ് ഈടാക്കിയതായി കാണുന്നത്.)

1-12-5 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ആയത് ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|---|
| 1 | കാനറാ ബാങ്ക്, ചുനങ്ങംവേലി | I &II |
| 2 | കീഴ്മാട് സർവ്വീസ് കോ. ബാങ്ക്, തൊട്ടുമുഖം ഈസ്റ്റ് ബ്രാഞ്ച് | * |
| 3 | കീഴ്മാട് സർവ്വീസ് കോ. ബാങ്ക്, മഹിളാലയം ബ്രാഞ്ച് | |

| | | |
|---|---|---|
| 4 | കീഴ്മാട് സർവ്വീസ് കോ. ബാങ്ക്, അശോകപുരം ബ്രാഞ്ച് | |
| 5 | കീഴ്മാട് സർവ്വീസ് കോ. ബാങ്ക്, ചുണങ്ങംവേലി ബ്രാഞ്ച് | |
| 6 | ചോള ബിസിനസ് സർവ്വീസ് ലിമിറ്റഡ്, അശോകപുരം | I &II |
| 7 | കീഴ്മാട് ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 8 | കുട്ടമശ്ശേരി ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 9 | എടയപ്പുറം ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 10 | അക്ഷയ ഇ കേന്ദ്രം, കീഴ്മാട് | I &II |
| 11 | അക്ഷയ ഇ കേന്ദ്രം, കുട്ടമശ്ശേരി | I &II |
| 12 | എൻ രാമസ്വാമി അയ്യർ & സൺസ് പെട്രോൾ പമ്പ്, അശോകപുരം | I &II |
| 13 | മെലെത്ത് ഫിനാൻസ്, അശോകപുരം | I &II |
| 14 | കെ എൽ എം ആക്സിവ ഗോൾഡ്, ചൂണ്ടി | I &II |
| 15 | മാളിയേക്കൽ ഫിനാൻസ്, അശോകപുരം | I &II |
| 16 | നക്ഷത്ര ജ്വല്ലറി, സൊസൈറ്റിപടി | I &II |

(* കീഴ്മാട് സർവ്വീസ് സഹകരണ ബാങ്കിന്റെ വിവിധ ബ്രാഞ്ചുകൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും എടയപ്പുറം ബ്രാഞ്ചിന്റെ സ്ഥാപന തൊഴിൽ നികുതി മാത്രമാണ് ഈടാക്കിയിട്ടുള്ളത്.)

### 1-12-6 വിവിധ പദ്ധതി പ്രകാരം നിയമിച്ചിട്ടുള്ള ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന പദ്ധതി പ്രകാരം നിയമിച്ചിട്ടുള്ള ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ആയത് ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്.

| ക്രമ നം. | പ്രൊജക്ട് നം., പേര് | നിയമിച്ചിട്ടുള്ള ജീവനക്കാരുടെ വിവരം |
|---|---|---|
| 1 | പ്രൊജക്ട് നം. 155, പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ലാബ് ടെക്നീഷ്യൻമാർക്കും ഫാർമസിസ്റ്റിനും ഹോണറേറിയം | 1. ലാബ് ടെക്നീഷ്യൻ (2 എണ്ണം)<br>2. ഫാർമസിസ്റ്റ് |
| 2 | പ്രൊജക്ട് നം. 154, പാലിയേറ്റീവ് കെയർ യൂണിറ്റ് | പാലിയേറ്റീവ് കെയർ നെഴ്സ് |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.11/26.10.2021 ന് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-13 തനത് ഫണ്ട് അക്കൗണ്ട് - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്

തനത് വരുമാനം നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ അഭികാമ്യമല്ലെന്നും തനത് വരുമാനം ട്രഷറി അക്കൗണ്ടിനു പുറമേ ഒരു ദേശസാൽകൃത/ സഹകരണ ബാങ്ക് അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട് (26.05.2011 ലെ സർക്കുലർ നം. 58725/എഫ്.എം.3/2008/തസ്വഭവ). എന്നാൽ പഞ്ചായത്തിൽ രണ്ട് സഹകരണ ബാങ്കുകളിലായി

തനത് ഫണ്ട് പരിപാലിച്ച് വരുന്നു.

| ക്രമ നം. | ബാങ്ക് (അക്കൗണ്ട് നം.) | RP-40(b) പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|
| 1 | എറണാകുളം ജില്ലാ സഹകരണ ബാങ്ക് (005281000000099) | 21985953 |
| 2 | കുട്ടമശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് (3737/1) | 7840474 |

മേൽ സർക്കാർ നിർദ്ദേശം പാലിക്കാതെ രണ്ട് സഹകരണ ബാങ്കുകളിലായി തനത് ഫണ്ട് നിക്ഷേപ്പിക്കുന്നതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20/30.10.2021) മറുപടി നൽകിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

സർക്കാർ നിർദ്ദേശ പ്രകാരം പഞ്ചായത്തിന്റെ തനത് ഫണ്ട് ഏതെങ്കിലും ഒരു സഹകരണ ബാങ്കിൽ നിക്ഷേപിക്കുവാനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

### 1-14 വിമുക്ത ഭടന്മാർക്ക് വസ്തു നികുതി ഇളവ് - രേഖകൾ പരിശോധനയ്ക്ക് നൽകിയില്ല

സ.ഉ(കൈ)നം.106/17/തസ്വഭവ തീയതി.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് വസ്തു നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചാൽ വിമുക്തഭടന്റെ പെൻഷൻ ബുക്കിൽ/ഡിസ്ചാർജ്ജ് ബുക്കിൽ ഉത്തരവ് നമ്പർ സഹിതം രേഖപ്പെടുത്തൽ നടത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ അനുസരിച്ച് 42 വീടുകൾക്ക് മേൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള വസ്തു നികുതി ഇളവ് നൽകിയിട്ടുണ്ട്. വിമുക്ത ഭടന്മാരുടെ വീടുകൾക്ക് നികുതി ഇളവ് നൽകിയതിന്റെ രേഖകൾ പരിശോധനയ്ക്ക് നൽകുവാനായി ഓഡിറ്റ് എൻക്വയറി (നം. 16/28.10.2021) മുഖേന ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശം

സർക്കാർ ഉത്തരവ് പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് വസ്തു നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ അർഹത പരിശോധിച്ച് ഇളവിന് അർഹതയുള്ളവരുടെ രേഖകൾ വാങ്ങി സൂക്ഷിക്കാനും രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്താനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

### 1-15 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

2020-21 സാമ്പത്തികവർഷത്തെ ഫാക്ടറികൾക്കും വ്യവസായങ്ങൾക്കും വ്യാപാരങ്ങൾക്കും മറ്റ് സംരംഭങ്ങൾക്കും ലൈസൻസ് നൽകൽ പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) 2020-21 മുതൽ പഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആകെയുള്ള 19

വാർഡുകളിൽ 10 വാർഡുകൾ മാത്രമേ ലിസ്റ്റിൽ ഉൾപ്പെടുത്തി കാണുന്നുള്ളൂ. ലൈസൻസ് രജിസ്റ്ററിലും ഈ ക്രമത്തിൽ തന്നെ എഴുതി സൂക്ഷിക്കാത്തതിനാൽ ഏതൊക്കെ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാനുണ്ട് എന്ന് വ്യക്തമായി കണ്ടെത്താൻ സാധിക്കുന്നില്ല. ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ അടവാക്കിയ ഫീസ് മാത്രം വാർഷിക കണക്കിലും ഉൾപ്പെടുത്തി രജിസ്റ്ററും അക്കൌണ്ട്സും പൊരുത്തപ്പെടുത്തി സൂക്ഷിച്ചിരിക്കുന്നതിനാൽ കുടിശ്ശിക ഉള്ള വിവരം കണ്ടെത്തുന്നതിനും സാധ്യമല്ല. ഉദാഹരണമായി മഹിളാലയം ജംഗ്ഷനടുത്ത് സ്ഥിതി ചെയ്യുന്ന ' പച്ചമാമ ‘ എന്ന പേരിലുള്ള റസ്റ്റോറന്റ് തൻവർഷം ലൈസൻസ് പുതുക്കിയതായി കാണുന്നില്ല. എന്നാൽ ഇത് ബാലൻസ് ഷീറ്റിൽ കുടിശ്ശികയായി വന്നിട്ടില്ല. ഡിമാന്റ് ചെയ്ത് ഈടാക്കേണ്ട ലൈസൻസ് ഫീ പോലുള്ള ഫീസുകൾ കൃത്യമായി നിർണ്ണയിക്കുന്നതിന് ഏറ്റവും അടിസ്ഥാനമായ വിവരങ്ങൾ പഞ്ചായത്തിൽ സൂക്ഷിക്കാത്തത് കൃത്യവിലോപവും വരുമാന നഷ്ടത്തിന് ഇടയാക്കുന്നതുമാണ്. യഥാസമയത്തുള്ള മേൽ പരിശോധനകളുടെ അഭാവവും ഇതിന് കാരണമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഫീൽഡ് പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റ് പൂർത്തീകരിച്ച് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. അനുവദിക്കുന്ന ലൈസൻസിന്റെ നമ്പറും രജിസ്റ്ററിൽ രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

സഞ്ചയ പ്രകാരം പഞ്ചായത്തിൽ വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളിൽ ഏകദേശം 2500 കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിനായി നിർണ്ണയിക്കപ്പെട്ടവയാണ്. എന്നാൽ 2020-21 സാമ്പത്തികവർഷത്തേയ്ക്ക് 478 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. 2019-20 ൽ ഇത് 571 ആയിരുന്നു. കോവിഡ് മഹാമാരി മൂലമുള്ള ലോക്ക് ഡൌൺ മൂലം അനേകം സ്ഥാപനങ്ങൾ തൻവർഷം ലൈസൻസ് പുതുക്കിയിട്ടില്ല. ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്തുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2)1996 ലെ കേരള പഞ്ചായത്ത് രാജ് ലൈസൻസ് നൽകൽ ചട്ടങ്ങളിലെ പട്ടിക 1 ക്രമ നമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകൾക്ക് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ഒന്നും തന്നെ ലൈസൻസ് എടുത്തതായി കാണുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റിൽ റേഷൻ കടകളെ ഉൾപ്പെടുത്തി ലൈസൻസ് ഫീസ് ഡിമാന്റ് ചെയ്യേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി 17 ന് മറുപടി ലഭിച്ചിട്ടില്ല.

## 1-16 വസ്തു നികുതി - റസിഡൻഷ്യൽ ഹോംസ്റ്റേയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടില്ല

08.09.2020 ലെ സ.ഉ.(അ)നം.53/2020/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 575/2020 വിജ്ഞാപനം പ്രകാരം റസിഡൻഷ്യൽ ഹോംസ്റ്റേയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ സർക്കാർ നിശ്ചയിച്ചിട്ടുണ്ട് (കുറഞ്ഞ നിരക്ക് 10 രൂപ കൂടിയ നിരക്ക് 25 രൂപ). എന്നാൽ പഞ്ചായത്തിൽ നാളിതുവരെ റസിഡൻഷ്യൽ ഹോംസ്റ്റേയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/28.10.2021) മറുപടി നൽകിയിട്ടില്ല. സർക്കാർ നിർദ്ദേശിച്ച കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ബാധകമാക്കാവുന്ന നികുതി നിരക്ക് പ്രമേയം മൂലം നിശ്ചയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 വസ്തു നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

പഞ്ചായത്തിന്റെ 2020-21 വാർഷിക ധനകാര്യ പത്രികയിലെ (ബാലൻഷീറ്റ് B-15) വിവരങ്ങൾ പ്രകാരം വസ്തു നികുതി ഇനത്തിൽ ആകെ 8287131/- രൂപ (തൻവർഷ കുടിശ്ശിക 4785920/- രൂപ, മുൻവർഷങ്ങളിലെ കുടിശ്ശിക 3501211/- രൂപ) പഞ്ചായത്ത് പിരിച്ചെടുക്കാൻ ബാക്കിയുള്ളതായി കാണുന്നു. നിലവിലെ വസ്തു നികുതി കുടിശ്ശിക വിവരം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ

02/23.10.2021) താഴെ പറയും പ്രകാരമുള്ള കുടിശ്ശിക നിലനിൽക്കുന്നതായി അറിയിച്ചിട്ടുണ്ട്.

| ബാക്കി നിലനിൽക്കുന്ന കുടിശ്ശിക | |
|---|---|
| തൻവർഷം | മുൻവർഷം |
| 4558019 | 3334487 |

വസ്തു നികുതി കുടിശ്ശിക ഈടാക്കുവാനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-18 ക്യാൻസൽഡ് രസീറ്റ് റിപ്പോർട്ട് - ന്യൂനതകൾ

ഫ്രണ്ട് ഓഫീസിൽ ഉപയോഗിക്കുന്ന സാംഖ്യ രസീതുകൾ വിവിധ കാരണങ്ങളാൽ റദ്ദാക്കപ്പെടുമ്പോൾ ആയതിന്റെ റിപ്പോർട്ട് പ്രിന്റ് എടുത്ത് എല്ലാ ദിവസവും സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. എന്നാൽ 2020-21 വർഷത്തെ രസീത് പരിശോധനയിൽ ഓരോ ദിവസത്തേയും ഡേ ബുക്കിനോടൊപ്പം രസീറ്റ് ക്യാൻസലേഷൻ റിപ്പോർട്ട് ലഭ്യമായിരുന്നില്ല. ആയത് അന്വേഷിച്ചപ്പോൾ തൻവർഷത്തെ മുഴുവനായുള്ള സാക്ഷ്യപ്പെടുത്താത്ത ഒരു ക്യാൻസൽഡ് റിപ്പോർട്ട് ഹാജരാക്കുകയാണുണ്ടായത്. മാത്രമല്ല, ക്യാൻസൽ ചെയ്ത രസീതുകളിൽ ഒന്നും തന്നെ റദ്ദാക്കാനുള്ള കാരണം എഴുതി 'ക്യാൻസൽഡ്' എന്നെഴുതി സൂക്ഷിച്ചിട്ടില്ല .

2020-21 ലെ സാംഖ്യ ക്യാൻസൽഡ് രസീതുകളും റിപ്പോർട്ടും പരിശോധിച്ചതിൽ കണ്ട മറ്റ് ന്യൂനതകൾ താഴെ കൊടുക്കുന്നു .

| ക്യാൻസൽ ചെയ്ത തിയതി | രസീത് നം | റിമാർക്സ് |
|---|---|---|
| 14.09.2020 | 120070102294 | റിപ്പോർട്ടിൽ രസീത് ക്യാൻസൽ ചെയ്തതായി കാണുന്നുണ്ടെങ്കിലും ക്യാൻസൽ ചെയ്ത സ്റ്റേഷനറി ലഭ്യമല്ല. ഇതേ രസീത് നമ്പറിൽ 5203876 എന്ന സ്റ്റേഷനറി നമ്പറിൽ ഡേ ബുക്ക് പ്രകാരം തുക ഒടുക്കിയിട്ടുണ്ട്. |
| 30.09.2020 | 120070102735 (സ്റ്റേഷനറി നം:5204332) | റദ്ദാക്കിയ രസീതിൽ 982 രൂപ അടിച്ച് വന്നെങ്കിലും ക്യാൻസൽഡ് റിപ്പോർട്ടിൽ ടി തുക കാണുന്നില്ല . ഇതേ രസീറ്റ് നമ്പറിൽത്തന്നെ 5204333 എന്ന സ്റ്റേഷനറിയിൽ യഥാർത്ഥ രസീത് (982 രൂ) അടിച്ചിട്ടുണ്ട്. |
| 26.08.2020 | 120070101988 | ഇതേ രസീത് നമ്പറിൽ 5203526, 5203527, 5203528 എന്നീ സ്റ്റേഷനറികൾ അടിക്കുകയും ആദ്യ രണ്ടെണ്ണം ക്യാൻസൽ ചെയ്യുകയും ക്യാൻസലേഷൻ റിപ്പോർട്ടിൽ വരികയും ചെയ്തിട്ടുണ്ട്. എന്നാൽ 5203527 ൽ അടിച്ച് വന്ന തുക 791 രൂപ ക്യാൻസൽഡ് റിപ്പോർട്ടിൽ ഉൾപ്പെട്ട് വന്നിട്ടില്ല. |
| 28.05.2020 | സ്റ്റേഷനറി നം:5209194 | ടി രസീത് കൌണ്ടർഫോയിൽ ഉൾപ്പെടെ ഒന്നും പ്രിന്റ് ചെയ്യാതെ സൂക്ഷിച്ച് കാണുന്നു, എന്നാൽ രസീത് നമ്പർ ഇല്ലാത്തതിനാൽ ആയത് ക്യാൻസൽഡ് റിപ്പോർട്ടിൽ വന്നിട്ടില്ല. |

മേൽ കാണിച്ചിരിക്കുന്ന ഏതാനും ഉദാഹരണങ്ങളിൽ നിന്നും ക്യാൻസൽഡ് റിപ്പോർട്ടിലും ഡേ ബുക്കിലും ഒരേ രസീത് നമ്പർ പ്രിന്റ് ചെയ്യപ്പെടുന്ന സാഹചര്യം നിലവിൽ സാംഖ്യയിലുണ്ട് എന്ന്

കാണാവുന്നതാണ്. അതായത് പ്രിന്റർ ഫോൾട്ട് മൂലം ഒരു സ്റ്റേഷനറി റദ്ദ് ചെയ്യേണ്ട സാഹചര്യമുണ്ടായാൽ സാംഖ്യയിൽ ടി രസീത് ക്യാൻസൽ ചെയ്യാവുന്നതും അടുത്ത രസീത് ഇതേ രസീത് നമ്പറിൽ തന്നെ അടിക്കാൻ സാധിക്കുന്നതുമാണ്. അങ്ങനെ വരുമ്പോൾ ഡേ ബുക്കിൽ യഥാർത്ഥത്തിൽ വരവായി വരുന്ന രസീത് നമ്പറും ക്യാൻസൽ ചെയ്യുന്ന രസീത് നമ്പറും ഒന്ന തന്നെ ആകുന്നു. സ്റ്റേഷനറി നമ്പർ ചെക്ക് ചെയ്താൽ മാത്രമേ ഈ വ്യത്യാസം മനസ്സിലാകുകയുള്ളൂ. ഇത്തരത്തിൽ ഒരേ രസീത് നമ്പറിൽ ഒന്നിലധികം രസീറ്റുകൾ പ്രിന്റ് ചെയ്യപ്പെടുമ്പോൾ ക്യാൻസൽഡ് റിപ്പോർട്ടിൽ അതിലെ തുകയോ സ്റ്റേഷനറി നമ്പറോ രേഖപ്പെടുത്തി കാണാത്ത അവസ്ഥയും നിലവിലുണ്ട്. ഇത് രസീതിൽ ക്രമക്കേട് നടത്താൻ സാധിക്കുന്ന സാഹചര്യം സൃഷ്ടിക്കാൻ സാധ്യതയുണ്ട്. സ്റ്റേഷനറി നമ്പർ കൃത്യമായി വെരിഫൈ ചെയ്ത് രസീത് പരിശോധന നടത്തുന്നതിലൂടെ മാത്രമേ കൌണ്ടർഫോയിൽ നഷ്ടമായത് മനസ്സിലാക്കാൻ സാധിക്കൂ. രസീതുകളുടെ ബാഹുല്യം നിമിത്തം ഓരോ സ്റ്റേഷനറികളുടെയും കൃത്യമായ പരിശോധന എളുപ്പവുമല്ല. ആയതിനാൽ ക്യാൻസൽ ചെയ്ത ഒരു രസീത് നമ്പറിൽ ത്തന്നെ വീണ്ടും രസീത് പ്രിന്റ് ചെയ്യപ്പെട്ടു വരുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.ഇത് സംബന്ധിച്ച് നൽകിയ എൻക്വയറി നം.4 ന് ലഭിച്ച മറുപടിയിൽ മേലിൽ ഡേ ബുക്കിനോടൊപ്പം അതാത് ദിവസത്തെ ക്യാൻസൽഡ് റിപ്പോർട്ട് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചുകൊള്ളാം എന്നറിയിച്ചിട്ടുണ്ട്.സാംഖ്യയിൽ ക്യാൻസൽ ചെയ്യുന്ന രസീറ്റും പ്രിന്റർ ഫോൾട്ട് മൂലം ക്യാൻസൽ ചെയ്യുന്ന രസീതും സെക്രട്ടറിയുടെ ലോഗിനിൽ നിന്നു തന്നെയാണ് റദ്ദാക്കാൻ സാധിക്കൂ എന്നാണ് അറിയിച്ചിട്ടുള്ളത്.

എല്ലാ ദിവസവും കളക്ഷൻ ക്ലോസ് ചെയ്ത് ഡേബുക്ക്, ഹെഡ് വൈസ് കളക്ഷൻ റിപ്പോർട്ട്, ക്യാഷ്ബുക്ക് എന്നിവയോടൊപ്പം നിർബന്ധമായും ക്യാൻസൽഡ് റസീറ്റ് റിപ്പോർട്ട് കൂടെ എടുത്ത് ബന്ധപ്പെട്ട മേലുദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും ക്യാൻസൽ ചെയ്തതിനുള്ള കാരണം വ്യക്തമായി രസീതിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഓരോ ദിവസത്തിന്റെയും ആരംഭത്തിൽ ഉപയോഗിച്ച് തുടങ്ങുന്ന സ്റ്റേഷനറി നമ്പറും അവസാനത്തെ നമ്പറും കാഷ്യർ ഇതിനായുള്ള രജിസ്റ്ററിൽ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും ബാലൻസ് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

### 1-19 ഹോമിയോ മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല – 5733 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം | 359 / 2020-21 |
| പ്രോജക്ടിന്റെ പേര് | തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളുടെ നിയന്ത്രണത്തിലുള്ള ആശുപത്രികൾക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 2,96,000 രൂപ |
| ചെലവ് | 2,96,000 രൂപ |
| ഫണ്ട് | മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) |
| ബിൽ നം/തീയതി | LF2/2020-21; 14.10.2020 |
| നിർവ്വഹണോദ്യോഗസ്ഥ | ചീഫ് മെഡിക്കൽ ഓഫീസർ, ഹോമിയോ |

മേൽ ബിൽ പ്രകാരം 2,96,000 രൂപ മരുന്ന് ലഭിക്കുന്നതിനായി 22.10.2020ൽ ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. താഴെപ്പറയുന്ന ഇൻവോയ്സുകൾ പ്രകാരം മരുന്നുകൾ ലഭ്യമായിട്ടുണ്ട്.

1) ഇൻവോയ്സ് നം:LF-624തീ:12.06.2021(തുക : 81,113രൂപ)

2) ഇൻവോയ്സ് നം:LF-1051 തീ:07.08.2021 (തുക : 2,14,887 രൂപ) , എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ഈ ബില്ലിലെ 5,733രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല. (ക്രമ നം:35, Natrum Sulph 6X500 Gm X28). ആയത് ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ടി തുകക്കുള്ള മരുന്നുകൾ ലഭ്യമാകുന്നതു വരെ തുക തടസ്സത്തിൽ വെക്കുന്നു.

1-20 പ്രളയം ബാധിച്ച ലൈബ്രറികൾക്ക് പുസ്തകം വാങ്ങി നൽകൽ - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്

പ്രൊജക്ട് നം. 295 പ്രളയം ബാധിച്ച ലൈബ്രറികൾക്ക് പുസ്തകം വാങ്ങി നൽകൽ (സ്പിൽ ഓവർ)

അടങ്കൽ - 251000 രൂപ (വികസന ഫണ്ട്)

ചെലവ് - 150126 രൂപ (ബിൽ നം. 01/20-21/15.10.2020)

മേൽ പദ്ധതി പ്രകാരം കറന്റ് ബുക്ക്സിൽ നിന്നും ക്വട്ടേഷൻ പ്രകാരം 507 മലയാളം പുസ്തകങ്ങളും (ബിൽ നം. 000007/26.06.2020, തുക – 100540 രൂപ), 162 ഇംഗ്ലീഷ് പുസ്തകങ്ങളും (ബിൽ നം. 000006/26.06.2020, തുക – 49586 രൂപ) വാങ്ങിച്ചിട്ടുണ്ട്. സ.ഉ(സാധാ) 3709/17/തസ്വഭവ/18.11.17 പ്രകാരം പദ്ധതി നിർവഹണത്തിന്റെ ഭാഗമായി പുസ്തകങ്ങൾ വാങ്ങുമ്പോൾ ബുക്ക്മാർക്ക്, സാഹിത്യപ്രവർത്തക സഹകരണ സംഘം എന്നിവ വഴി വാങ്ങണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. തുടർന്ന് സ.ഉ(സാധ)160/19/തസ്വഭവ/5.6.19 പ്രകാരം കേരളഭാഷ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നുകൂടി പുസ്തകം വാങ്ങാം എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സർക്കാർ നിർദ്ദേശ പ്രകാരം ബുക്ക്മാർക്ക്, സാഹിത്യപ്രവർത്തക സഹകരണ സംഘം, കേരളഭാഷ ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങളിൽ നിന്നും പുസ്തകങ്ങൾ വാങ്ങാതിരുന്നതിനുള്ള കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 3/23.10.2021) വായനശാലയ്ക്ക് പറ്റിയ പുസ്തകങ്ങൾ മേൽ സ്ഥാപനങ്ങളിൽ ലഭ്യമല്ലാത്തത് കൊണ്ടാണ് ക്വട്ടേഷൻ മുഖേന കറന്റ് ബുക്ക്സിൽ നിന്നും ആവശ്യമായ പുസ്തകങ്ങൾ വാങ്ങിയതെന്ന മറുപടി നൽകിയിട്ടുണ്ട്. എന്നാൽ മേൽ സ്ഥാപനങ്ങളിൽ നിന്നും ലഭികാത്ത പുസ്തകങ്ങളുടെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ പദ്ധതി പ്രകാരമുള്ള പർച്ചേസുകൾ നടത്തുമ്പോൾ സർക്കാർ നിഷ്കർഷിച്ച വ്യവസ്ഥകൾ പ്രകാരം അനുവദനീയമായ സ്ഥാപനങ്ങളിൽ നിന്നും മാത്രം വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-21 കെ.എം.എസ്.സി.എലിൽ നിന്നും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയിട്ടുള്ള താഴെ പറയുന്ന പദ്ധതികൾ പ്രകാരം മരുന്ന് വാങ്ങുന്നതിനായി കെ.എം.എസ്.സി.എലിന് (അക്കൌണ്ട് നം. 3624001800000019) തുക നൽകിയിട്ടുണ്ട്.

എ) പ്രൊജക്ട് നം. 152, പി.എച്ച്.സിയിലേക്ക് മരുന്നും മെഡിസിൻ കവറും വാങ്ങൽ

അടങ്കൽ - 500000/- രൂപ

ഫണ്ട് – മെയിന്റനൻസ് ഫണ്ട്

ചെലവ് - 500000/- രൂപ

| പ്രൊഫോർമ ഇൻവോയ്സ് നം./തീയതി | തുക | ബിൽ നം./തീയതി | ലഭ്യമാകാനുള്ള മരുന്നുകളുടെ തുക |
|---|---|---|---|
| PRF777/01.06.2020 | 390065 | 06/20-21/ 07.09.2020 | 69434 |

ബി) പ്രൊജക്ട് നം. 154, പാലിയേറ്റീവ് കെയർ യൂണിറ്റ്

അടങ്കൽ - 700000/- രൂപ

ഫണ്ട് – വികസന ഫണ്ട് (പൊതു വിഭാഗം)

ചെലവ് - 699874/- രൂപ

| പ്രൊഫോർമ ഇൻവോയ്സ് നം./തീയതി | തുക | ബിൽ നം./തീയതി | ലഭ്യമാകാനുള്ള മരുന്നുകളുടെ തുക |
|---|---|---|---|

| | | | |
|---|---|---|---|
| PRF3142/27.10.2020 | 150000 | 09/20-21/ 12.11.2020 | 58054 |

സി) പ്രൊജക്ട് നം. 357, ത.സ്വ.ഭ.സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആശുപത്രികൾക്ക് മരുന്ന് വാങ്ങി നൽകൽ

അടങ്കൽ - 500000/- രൂപ

ഫണ്ട് – മെയിന്റനൻസ് ഫണ്ട്

ചെലവ് - 499999/- രൂപ

| പ്രൊഫോർമ ഇൻവോയ്സ് നം./തീയതി | തുക | ബിൽ നം. /തീയതി | ലഭ്യമാകാനുള്ള മരുന്നുകളുടെ തുക |
|---|---|---|---|
| PRF6603/25.03.2021 | 4000026 | 15/20-21/ 25.03.2021 | 360137 |

ഡി) പ്രൊജക്ട് നം. 358, കോവിഡ് രോഗബാധയുടെ പ്രതിരോധ പ്രവർത്തനങ്ങൾ, പരിരക്ഷാ പ്രവർത്തനങ്ങൾ

അടങ്കൽ - 300000/- രൂപ

ഫണ്ട് – മെയിന്റനൻസ് ഫണ്ട്

ചെലവ് - 299954/- രൂപ

| പ്രൊഫോർമ ഇൻവോയ്സ് നം./തീയതി | തുക | ബിൽ നം. / തീയതി | റിമാർക്സ് |
|---|---|---|---|
| PRF6058/09.03.2021 | 192068 | 14/20-21/ 25.03.2021 | കോവിഡ് രോഗ പരിരക്ഷാ സാധനങ്ങൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല |

കെ.എം.എസ്.സി.എലിൽ നിന്നും മേൽ പ്രകാരം ലഭിക്കുവാനുള്ള 679693/- രൂപയുടെ (69434+58054+360137+192068) മരുന്നുകളും കോവിഡ് രോഗ പരിരക്ഷാ സാധനങ്ങളും താമസം വിനാ ലഭ്യമാക്കുന്നതിനുള്ള മേൽ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം. 8/25.10.2021) മറുപടിയായി അറിയിച്ചിട്ടുണ്ട്. കെ.എം.എസ്.സി.എലിൽ നിന്നും മേൽ പ്രകാരം ലഭിക്കുവാനുള്ള മരുന്നുകളും കോവിഡ് രോഗ പരിരക്ഷാ സാധനങ്ങളും ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നത് വരെ ഈ ഇനത്തിലുള്ള 679693/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 24ാം നമ്പർ അങ്കണവാടി നിർമ്മാണം

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എൻജിനിയർ

പ്രോജക്ടിന്റെ പേര് : 24ാം നമ്പർ അങ്കണവാടി നിർമ്മാണം

വർഷം : 2019-2020, 2020-21

ചെലവ് തുക :

| ക്രമ നം | പ്രോജക്ട് നം. | അടങ്കൽ തുക | ഫണ്ട് | ബിൽ നം തിയതി | തുക |
|---|---|---|---|---|---|
| 1 | 166/18 | 5,00,000 | തനത് ഫണ്ട് | 20/28.08.2018 | 417375 |
| 2 | 122/19 | 5,00,000 | “ | ചെക് നം 237308 / 28.01.2019 | 489681 |
| 3 | 166/2020 | 4,00,000 | “ | 154/6.11.2019 | 397731 |
| 4 | 136/2021 | 4,00,000 | “ | 272/25.1.2021 | 453456 |
| ആകെ | | | | | 17,58,243 |

24ാം നം അങ്കണവാടി നിർമ്മാണം നടത്തുന്നതിനാണ് ഈ പ്രോജക്ട് തയ്യാറാക്കിയത്. ഈ പ്രോജക്റ്റ് നടപ്പാക്കിയതിൽ താഴെപ്പറയുന്ന അപാകങ്ങൾ ഉണ്ട്

1) അങ്കണവാടി നിർമ്മാണം നടത്തിയ സ്ഥലം പഞ്ചായത്തിന്റെ ആസ്തി എന്നതിനുള്ള പ്രമാണം ഇല്ല.

2) അങ്കണവാടിയുടെ ഒരുവശം പുഴയുടെ തീരം നികത്തിയാണ് നിർമ്മിച്ചിട്ടുള്ളത്.

3) 17 ലക്ഷത്തിലധികം രൂപ ഉപയോഗിച്ച് പുഴയുടെ തീരത്ത് ഒരു അങ്കണവാടി/ വനിതാ വികസന കേന്ദ്രം നിർമ്മിക്കുന്നതിന് മുൻപ് മറ്റ് സ്ഥല സൗകര്യം ആരാഞ്ഞതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.

4) വെള്ളപ്പൊക്കത്തിൽ തറയുടെ സോയിൽ ഒലിച്ചുപോയതായി പറഞ്ഞിട്ടുള്ളതിനാൽ കെട്ടിടത്തിന്റെ ഫിറ്റ്നെസ്സ് കാര്യത്തിൽ അവ്യക്തതയുണ്ട്.

5) പുഴയുടെ തീരത്തായതിനാൽ ശിശു സൗഹാർദ്ദ സാഹചര്യങ്ങൾക്കായി കാര്യമായ നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്.
അങ്കണവാടി ശിശുസൗഹാർദ്ദപരമായ സാഹചര്യങ്ങൾക്കനുസൃതമായി പ്രവർത്തനക്ഷമമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് 28.10.2021 -ൽ 14-ാം നമ്പർ എൻക്വയറി നൽകിയതിന് പഞ്ചായത്തിന്റെ ആസ്തിയാണ് എന്ന മറുപടി ലഭിച്ചിട്ടില്ല. പഞ്ചായത്ത് ഉടമസ്ഥതയിൽ ഉള്ള സ്ഥലമാണെങ്കിൽ പഞ്ചായത്ത് ആസ്തിയായി ഉൾപ്പെടുത്തേണ്ടതാണ്.

### 1-23 SC വനിത കെട്ടിട സമുച്ചയ നിർമ്മാണം-വാർഡ് -10

കീഴ്മാട് ഗ്രാമപഞ്ചായത്ത് 2011-12 വർഷം ജനകീയാസൂത്രണ പദ്ധതിയിൽ SC വനിത ഘടക പദ്ധതിയിൽ 10 ആർ സ്ഥലം ഭൂരഹിത ഭവന രഹിതരായ കുടുംബങ്ങൾക്കു ഭവന സമുച്ചയം പണിതു നല്കുന്നതിനു വാങ്ങിയിട്ടുള്ളതും ഭവന സമുച്ചയം പണിയുന്നതിനായി തുക 4018821/- (സ്ഥലവില കൂടാതെ). ചെലവഴിച്ചിട്ടുള്ളതുമാണ്. ഈ പദ്ധതിയ്ക്കായി 2018-2019 വർഷം തുടങ്ങി പണി പൂർത്തീകരിക്കുന്നതിനായി വിവിധ പ്രോജക്ടുകൾ നടപ്പാക്കിയിട്ടുള്ളതും 1,00,74,732/രൂപ (4018821 + 6055911) ആകെ ചെലവഴിച്ചിട്ടുമുണ്ട് (ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടെ). 2018-19 മുതലുള്ള ചെലവു വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നം. | ബിൽ നം തിയതി | തുക |
|---|---|---|---|
| 1 | 233/18-19 | 403/21.3.2019 | 19,31,177/- |
| 2 | 293/18-19 | 470/18.3.2020 | 9,80,923/- |
| 3 | 112/19-20 | 478/30.3.2020 | 9,00,000/- |
| 4 | 112/19-20 | 491/25.3.2020 | 9,32,601/- |
| 5 | 219/2019-20 | 1)19/8.5.2020 | 2,19,581/- |
| | | 2)83/11.2.2021 | 6,16,636/- |
| 6 | 306/2020 | 24.11.2020 | 4,74,993/- |
| | | ആകെ | 60,55,911/- |

ഈനിർമ്മാണ പ്രവർത്തി സംബന്ധിച്ച് താഴെപ്പറയുന്ന അപാകം ഉണ്ട്.

1)ഈ പദ്ധതി പുനർനിർമ്മാണം നടത്തുന്നതിനായി ആകെ ചെലവഴിക്കാവുന്ന തുക സംബന്ധിച്ചും ഫണ്ട് സംബന്ധിച്ചും സർക്കാരിൽ നിന്നും അംഗീകാരം ലഭിച്ചിട്ടില്ല.

2) 9 കുടുംബങ്ങൾക്കാണ് ഭവനം നല്കുവാൻ നിശ്ചയിച്ചിരുന്നത്. പിന്നീട് 12 കുടുംബങ്ങൾക്കായി ഭവനം നല്കിയിട്ടുണ്ട്. എന്നാൽ അധിക നിർമ്മാണം നടത്തിയിട്ടില്ല. ആയതിനാൽ യൂണിറ്റ് അടിസ്ഥാനത്തിൽ അധിക തുക നല്കേണ്ട സാഹചര്യമില്ല. LIFE Mission ൽ നിന്നും തുക അനുവദിക്കുന്നതു സംബന്ധിച്ച് സർക്കാരിലേയ്ക്ക് ശുപാർശ ചെയ്തതിൽ ഒരു യൂണിറ്റിന് 10.5 ലക്ഷം അനുവദിക്കുന്നതിന് ആണ് അറിയിച്ചത്. എന്നാൽ സർക്കാരിൽ നിന്നും ഇപ്രകാരം അംഗീകാരം ലഭിച്ചിട്ടില്ല. LIFE Mission പദ്ധതി പ്രകാരമായിരുന്നെങ്കിൽ സ്ഥല വില ഉൾപ്പെടെ 12 കുടുംബങ്ങൾക്ക് ആകെ 84 ലക്ഷം മാത്രമേ ചെലവാകുമായിരുന്നുള്ളൂ. ( 16,74,732/- + സ്ഥലവിലയും അധികം ചെലവു ചെയ്തു).

3) SC വനിത ഘടക പദ്ധതിയിൻ പ്രകാരമാണ് 2012-13 ൽ ഈ പദ്ധതിയ്ക്കായി തുക ചെലവഴിച്ചിട്ടുള്ളത്.

4) 2013-14വർഷം ഈ പദ്ധതി പൂർത്തികരിക്കാതിരുന്നതിന് തുടർ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

5) പദ്ധതി പൂർത്തികരിക്കാൻ കാലതാമസം വരുത്തിയതിന് ഫൈൻ ഈടാക്കിട്ടില്ല.

6) ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നല്കിയതിൽ (നം9/തി.25.10.2021) 2013-14വർഷം ഈ പദ്ധതി മണ്ണിന്റെ ഉറപ്പില്ലായ്മ മൂലം പദ്ധതി തുക മുഴവൻ ചെലവഴിച്ച് സ്ടക്ച്ചർ മാത്രമേ പൂർത്തികരിച്ചുള്ളു എന്നാണ് വ്യക്തമാക്കിയതിത്. ഇക്കാര്യത്തിലും ഇതിനായുള്ള സ്ഥലം വാങ്ങിയതു സംബന്ധിച്ചും കൂടുതൽ അന്വേഷണത്തിന് ഭരണ വകുപ്പിനോട് ശുപാർശ ചെയ്യുന്നു.

## 1-24 ആസ്തി പരിപാലനം -മാനദണ്ഡങ്ങൾ പാലിക്കുന്നില്ല

തദ്ദേശ സ്വയം ഭരണ വകുപ്പ് 20.01.2017 ലെ ജി.ഒ.(ആർ.ടി.)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാനവൽ പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസ്സറ്റ് മാനേജ് മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി (Annual Status Assessment Of Asset Condition) അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും(AMS), അസറ്റ് മാനേജ് മെന്റ് പ്ലാനും (AMP) തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവയും നടത്തേണ്ടതാണ്. എന്നാൽ ഇത്തരമൊരു സംവിധാനം കീഴ്മാട് ഗ്രാമപഞ്ചായത്തിൽ കൃത്യമായി നടക്കുന്നില്ല. ഉദാഹരണത്തിന് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിന് എല്ലാ വർഷവും മെയിന്റനൻസിന് തുക ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തിന് വിട്ടുകിട്ടിയ ഘടകസ്ഥാപനങ്ങളിൽ നിന്നും മെയിന്റനൻസിനുള്ള പ്രൊപ്പോസലുകൾ സ്വീകരിച്ച് ആസ്തി പരിപാലന കമ്മറ്റി വിലയിരുത്തി വേണം പദ്ധതികൾ ആവിഷ്കരിക്കേണ്ടത്. പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ധാരാളം ഭൂമി കൈവശമുണ്ടെങ്കിലും (കൃത്യമായ വിവരം ആസ്തി രജിസ്റ്ററിൽ നിന്നും ലഭ്യമായില്ല) അവയൊക്കെ പൊതുജനങ്ങൾക്ക് ഉപയുക്തമാക്കുന്ന വിധത്തിൽ പദ്ധതികൾ ആവിഷ്കരിക്കുന്നില്ല.

പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്ന ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ, ആസ്തികളുടെ നിർമ്മാണച്ചെലവ്, അവസാനമായി നടത്തിയ മെയിന്റനൻസ് വിവരങ്ങൾ, കൂട്ടിച്ചേർക്കലുകൾ നടത്തിയതിന്റെ തീയതിയും ചെലവും തുടങ്ങി പ്രധാനപ്പെട്ട പല കോളങ്ങളിലും രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ലാത്തതായി കാണുന്നു. പുതിയ നിർമ്മണങ്ങളും, വാങ്ങലുകളും, മെയിന്റനൻസ് വിവരങ്ങളും ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-25 സൗരവൈദ്യുതീകരണം - മുൻകൂർ നൽകിയ തുക ക്രമീകരിച്ചില്ല

പഞ്ചായത്തിന്റെ 2020-21 ലെ വാർഷിക കണക്ക് പ്രകാരം 460500206-Advance To Implementing Agencies -Deposit With ANERT- എന്ന ഹെഡിൽ 4,59,800/- രൂപ നീക്കിയിരിപ്പുണ്ട്. ഇതിന്റെ ലെഡ്ജർ പരിശോധിച്ചതിൽ ഈ തുക 2014-15 ൽ പഞ്ചായത്ത് ഓഫീസ് സൗരവൈദ്യുതീകരണം എന്ന പദ്ധതിക്കായി ANERT ന് മുൻകൂർ നൽകിയതാണെന്ന് കണ്ടു. നാളിതുവരെയായിട്ടും അഡ്വാൻസ് തുക ക്രമീകരിച്ചിട്ടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് 2014-15 ഓഡിറ്റ് റിപ്പോർട്ടിൽ താഴെ കാണും പ്രകാരം പരാമർശമുള്ളതായും കണ്ടു.

പ്രോജക്ട് നം. എസ് ഒ 163/15 പ്രകാരം പഞ്ചായത്ത് ഓഫീസ് സൗരവൈദ്യുതീകരണം നടത്തുന്നതിനായി 3,80,000 രൂപയും അതിന്റെ 10% ആയ 38000രൂപ പ്രോസസിംഗ് ചാർജ് ആയും മൊത്തം തുകയുടെ 10%ആയ 41800 തുക അഡീഷണൽ സ്ടക്ച്ചർ കോസ്റ്റ് ആയും കണക്കാക്കി ആകെ 4,59,800 രൂപ അനർട്ട് ആവശ്യപ്പെട്ടതു പ്രകാരം ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട് (ഡി.ഡി. നം.763100/2/6/2014) ( ബിൽ നം. 76/14-15,28.5.2014). എന്നാൽ നാളിതുവരെയും

അനർട്ട് ഈ വേല നടത്തിയിട്ടില്ല. ഈ വേല നടത്തുന്നതിനുള്ള ഏകദേശ ചെലവാണ് അനർട്ട് കണക്കാക്കി നൽകിയിരുന്നത്. അതിനുശേഷം വർക്ക് ഉപകരാർ നൽകിയിരിക്കുകയാണ്. (മെ. സൺഗ്രേസ് എനർജി സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, ഹൈദരാബാദ് എന്ന സ്ഥാപനത്തിനെ 345600 രൂപക്ക് ഈ വേല നടത്തുവാൻ ചുമതലപ്പെടുത്തിയതായുള്ള 20-5-2015 -ലെ അനർട്ടിന്റെ കത്തിന്റെ പകർപ്പ് ഈ ഓഫീസിൽ ലഭ്യമാക്കിയിട്ടുണ്ട്). ഈ ജോലി പൂർത്തിയാക്കേണ്ട തീയതി സംബന്ധിച്ചോ ബാക്കി തുക ഉണ്ടെങ്കിൽ അത് തിരികെ ലഭ്യമാക്കുന്നതു സംബന്ധിച്ചോ ഉള്ള യാതൊരുവിധ കരാറും പഞ്ചായത്ത് നിർവ്വഹണ ഏജൻസിയുമായി ഉണ്ടാക്കിയിട്ടില്ല. എത്രയും വേഗം ജോലി പൂർത്തീകരിക്കുന്നതിനും തുക ബാക്കിയുണ്ടെങ്കിൽ അത് തിരികെ ലഭിക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 19/30.10.2021നൽകിയെങ്കിലും, മറുപടി ലഭ്യമാക്കിയില്ല.

പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം വാങ്ങി മുൻകൂർ നൽകിയ തുക ക്രമീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-26 ലൈഫ് ഭവനപദ്ധതി സ്ഥലം വാങ്ങൽ- അപാകതകൾ

| | | |
|---|---|---|
| പ്രൊജക്ടിന്റെ നമ്പർ, പേര് | S040/21,ലൈഫ് ഭവനപദ്ധതി സ്ഥലം വാങ്ങൽ | |
| അടങ്കൽ | 26,95,660/- (എസ്.എസ്.പി വിഹിതം ) | |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി | |
| ചെലവഴിച്ച തുക | 24,92,830/- | ട്രഷറി ബിൽ നം. 494/30.03.2021. |

കീഴ്മാട് പഞ്ചായത്ത് 10ാം വാർഡിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള SC ഫ്ലാറ്റിനോട് ചേർന്ന് കിടക്കുന്ന, ആലുവ താലൂക്ക് കീഴ്മാട് വില്ലേജ് ബ്ലോക്ക് 32 റീസർവ്വേ 85/1 -2ൽ വരുന്ന 4.98 ആർ വസ്തു വാങ്ങുന്നതിന് തീരുമാനിക്കുകയും, ഫണ്ട് തികയാഞ്ഞതിനാൽ 4.05 ആർ വസ്തു (10സെന്റ്) 24,92,830/- രൂപ ചെലവഴിച്ച് വാങ്ങുകയും ചെയ്തിട്ടുണ്ട്. വസ്തുവിന്റെ ഉടമയായ ശ്രീമതി സിബിൾ രാജു, പുതുശ്ശേരി വീട്, കീഴ്മാട് 01/10/2020 ൽ തന്റെ പേരിലുള്ള വസ്തു ഫെയർ വാല്യു അടിസ്ഥാനത്തിലുള്ള നിരക്കിൽ വിൽക്കുവാൻ സമ്മതമാണെന്ന് പഞ്ചായത്തിൽ അറിയിച്ചതനുസരിച്ചാണ് സ്ഥലം വാങ്ങാൻ തീരുമാനമെടുത്തിട്ടുള്ളത്. തുടർന്ന് പഞ്ചായത്ത് ഇതിനായി സ്വീകരിച്ച നടപടിക്രമങ്ങളുടെ നാൾവഴി താഴെ ചേർക്കുന്നു

| ക്രമ നം | തീയതി | നടപടി |
|---|---|---|
| 1 | 19/10/2020 | പഞ്ചായത്ത് കമ്മിറ്റിയുടെ 1(2) തീരുമാന പ്രകാരം സ്ഥലം വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിക്കുകയും വാല്യൂഷൻ ലഭ്യമാക്കുവാൻ കളക്ടറോട് അഭ്യർത്ഥിക്കാൻ തീരുമാനം |
| 2 | 21/10/2020 | കമ്മറ്റി തീരുമാനപ്രകാരം വാല്യൂഷൻ ലഭ്യമാക്കുവാൻ കളക്ടറോട് അഭ്യർത്ഥിച്ചു (എ4/3910/20 നമ്പർ കത്ത് പ്രകാരം). |

| | | |
|---|---|---|
| 3 | 25/2/2021 | പഞ്ചായത്ത് കമ്മിറ്റിയുടെ 1(1) തീരുമാനപ്രകാരം എസ്.സി ഫണ്ട് ഉപയോഗിച്ചുള്ള വാങ്ങൽ ആയതിനാൽ നിർവ്വഹണ ചുമതല അസിസ്റ്റന്റ് സെക്രട്ടറിക്ക് നല്കുന്നു. |
| 4 | 25/3/2021 | എ4/10/2021 നമ്പർ കത്ത് പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥാവകാശം പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ ജില്ലാ ഗവ. പ്ലീഡർക്ക് കത്ത് നൽകുന്നു. |
| 5 | 25/3/2021 | ഫണ്ട് തികയാത്തതിനാൽ 12.5 സെന്റിന് പകരം 10 സെന്റ് വാങ്ങാൻ പഞ്ചായത്ത് കമ്മിറ്റിയുടെ 1/1(1) നമ്പർ തീരുമാനം. |
| 6 | 27/3/2021 | 10 സെന്റ് സ്ഥലം അളന്ന് തിരിച്ച് നൽകാൻ ആലുവ തഹസീൽദാർക്ക് കത്ത് നൽകുന്നു. |
| 7 | 30.03.2021 | വസ്തുവിന്റെ രജിസ്ട്രേഷൻ |
| 8 | 31.03.2021 | ട്രഷറി ബിൽ പ്രകാരം വസ്തുവിന്റെ വില കൈമാറുന്നു. |
| 9 | 17/06/2021 | DDP-EKM/757/2021-D4 നം ഉത്തരവ് -വാങ്ങാനുദ്ദേശിക്കുന്ന സ്ഥലം എസ്.സി ഫ്ലാറ്റ് സമുച്ചയം പണിയുന്ന തിനു അനുയോജ്യ മാണെന്നും, ആയതിന് അനുമതി നൽകിക്കൊണ്ടു മുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഉത്തരവ് പുറപ്പെടുവിക്കുന്നു. |

വസ്തു വാങ്ങുന്നതുമായി ബന്ധപ്പെട്ട പദ്ധതി ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1.വസ്തു വാങ്ങുന്നതിനായി പഞ്ചായത്ത് യാതൊരു പരസ്യവും നൽകിയതായി കണ്ടില്ല. വസ്തു ഉടമ നൽകിയ കത്തിന്റെ അടിസ്ഥാനത്തിലാണ് വാങ്ങൽ നടപടികൾ ആരംഭിച്ചിട്ടുള്ളത്. 2020-21 സാമ്പത്തിക വർഷം പകുതി പിന്നിട്ടിട്ട് കിട്ടിയ ഒരു താൽപര്യ പത്രത്തിന്റെ അടിസ്ഥാനത്തിൽ തിടുക്കത്തിൽ സ്ഥലം വാങ്ങുകയായിരുന്നു. വ്യക്തമായ പദ്ധതി ആസൂത്രണമില്ലാതിരുന്നതിനാൽ ഫണ്ട് തികയാതെ വരികയും, ആയതിനാൽ 12.5 സെന്റ് വസ്തുവിൽ നിന്നും 10 സെന്റ് മാത്രമേ വാങ്ങാൻ സാധിച്ചിട്ടുള്ളൂ.

2.പഞ്ചായത്ത് പണികഴിപ്പിച്ചിട്ടുള്ള എസ്.സി ഫ്ലാറ്റ് സമുച്ചയത്തിന് പുറകിലുള്ള വസ്തുവാണ് വാങ്ങിയിട്ടുള്ളത്. ഇവിടത്തെ മണ്ണ് ഉറപ്പില്ലാതിരുന്നതിനാൽ ഫ്ലാറ്റ് സ്ട്രക്ചർ നിർമ്മാണത്തിനു മാത്രം 30 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതായി അതുമായി ബന്ധപ്പെട്ട ഫയലിൽ പരാമർശമുള്ളതാണ് (ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-23 കൂടി കാണുക). ഈ സാഹചര്യത്തിൽ ഇതിനോട് ചേർന്ന് കിടക്കുന്ന സ്ഥലത്ത് മറ്റൊരു ഫ്ലാറ്റ് നിർമ്മാണത്തിന് അനുയോജ്യമാണോ എന്ന് ഉറപ്പ് വരുത്താതെയാണ് സ്ഥലം വാങ്ങൽ നടത്തിയത്.

3.2005ലെ പഞ്ചായത്ത് രാജ് വസ്തു ആർജ്ജിക്കലും കൈയൊഴിയലും ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അനുയോജ്യതാ സാക്ഷ്യപത്രം ലഭിച്ചതിന് ശേഷമേ വസ്തു വാങ്ങാവൂ. എന്നാൽ വസ്തുവിന്റെ രജിസ്ട്രേഷൻ കഴിഞ്ഞ് രണ്ട് മാസം കഴിഞ്ഞതിന് ശേഷം മാത്രമാണ് ഇത്തരമൊരു ഉത്തരവ് ലഭിച്ചിട്ടുള്ളത്

4.25/03/2021 ലെ എ4/10/2021 നമ്പർ കത്ത് പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥാവകാശം പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ ജില്ലാ ഗവ. പ്ലീഡർക്ക് കത്ത് നൽകിയെങ്കിലും ഇതിനുള്ള മറുപടിയല്ല ഫയലിലുള്ളത്. ഇതേ വസ്തുവുമായി ബന്ധപ്പെട്ട് ജില്ലാ ഗവ. പ്ലീഡർ 24.09.2016 ൽ 708/16/PPO നമ്പറായി നൽകിയ ലീഗൽ ഒപ്പീനിയന്റെ പകർപ്പാണ് ഫയലിലുള്ളത്.

മേൽ അപാകതകൾ പരിഗണിക്കുമ്പോൾ, ഈ വസ്തു അടിയന്തിരമായി വാങ്ങേണ്ട ഒരു സാഹചര്യമില്ലായിരുന്നെന്ന് കാണാവുന്നതാണ്. നടപടിക്രമങ്ങളുടെ അപാകത പരിശോധിക്കുന്നതിന് ഭരണ വകുപ്പിനോട് ശുപാർശ ചെയ്യുന്നു. പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് വാങ്ങിയ സ്ഥലത്ത് എസ്. സി. വിഭാഗക്കാർക്കുള്ള ഭവനസമുച്ചയം പണിയുന്നതിനുള്ള നടപടികൾ ഉണ്ടാകേണ്ടതാണ്.

1-27 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ- അവലോകനം

എറണാകുളം ജില്ലയിൽ കോവിഡ് ഏറ്റവും കൂടുതൽ ബാധിച്ച പഞ്ചായത്തുകളിലൊന്നാണ് കീഴ്മാട് ഗ്രാമപഞ്ചായത്ത്. ആകെയുള്ള 19 വാർഡുകളിൽ ഭൂരിഭാഗം വാർഡുകളും കണ്ടെയിന്റമെന്റ് സോണുകളായി മാറിയിരുന്നു. 2019-2020 സാമ്പത്തികവർഷം കീഴ്മാട് ഗ്രാമപഞ്ചായത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വാർഡ് തലത്തിൽ വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ വാർഡ് തല കമ്മിറ്റികൾ രൂപീകരിക്കുകയും, കമ്മിറ്റികളുടെ പ്രവർത്തനങ്ങളിൽ സന്നദ്ധപ്രവർത്തകരെ പങ്കെടുപ്പിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് പ്രസിഡന്റ്, പഞ്ചായത്ത് സെക്രട്ടറി, വാർഡ് മെമ്പർമാർ, സി.ഡി.എസ് ചെയർ പേഴ്സൺ, മെഡിക്കൽ ഓഫീസർമാർ, ആരോഗ്യപ്രവർത്തകർ എന്നിവരടങ്ങുന്ന നിരീക്ഷണസമിതി എല്ലാ ആഴ്ചയും യോഗം ചേർന്ന് വാർഡ് തലസമിതികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തിരുന്നു.

2020 മാർച്ച് മാസം മദ്ധ്യത്തോടെ കോവിഡ് -19 ആരംഭിച്ചതു മുതൽ പഞ്ചായത്ത് മെമ്പർമാരുടെയും, സന്നദ്ധപ്രവർത്തകരുടെയും നേതൃത്വത്തിൽ സാമൂഹ്യ അടുക്കളക്ക് രൂപം കൊടുക്കുകയും, പഞ്ചായത്തിൽ രൂപീകരിച്ചിരുന്ന RRT (Rapid Response Team) അംഗങ്ങൾ വഴി ഭക്ഷണം ആവശ്യമുള്ള അർഹരായവർക്ക് എത്തിച്ച് നല്കുകയും ചെയ്തിരുന്നു. 2019-2020 സാമ്പത്തികവർഷം പഞ്ചായത്ത് പ്രദേശത്ത് ഫസ്റ്റ് ലൈൻ ട്രീറ്റ് മെന്റ് സെന്റർ (FLTC) കൾ പ്രവർത്തിച്ചിരുന്നില്ല.

2020-2021

കോവിഡ് വ്യാപനം രൂക്ഷമായ 2020-2021 സാമ്പത്തികവർഷമാണ് കോവിഡ് നിർവ്യാപനപ്രവർത്തനങ്ങളിൽ പഞ്ചായത്ത് കൂടുതൽ കാര്യക്ഷമമായ പ്രവർത്തനം നടത്തിയത്. പ്രത്യേക പരിഗണന നൽകേണ്ടവരുടെ സുരക്ഷക്കും, കരുതലിനുമായി ഒരു ഹെൽപ് ഡെസ്ക് രൂപീകരിച്ച് മികച്ച രീതിയിൽ പ്രവർത്തിച്ചിരുന്നു. ഇതിന്റെ ഭാഗമായി ഒരു ഡാറ്റ എന്ട്രി ഓപ്പറേറ്ററെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിരുന്നു. കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്കായി ജില്ലാ ദുരന്തനിവാരണ അതോറിറ്റിയിൽ നിന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന താഴെ കാണും വിധം പഞ്ചായത്തിന് സഹായധനം ലഭിച്ചിട്ടുണ്ട്.

| ഉത്തരവ് നമ്പർ, തീയതി | തുക |
|---|---|
| DDP/EKM/665/2019/F തീയതി 06.08.2020 | 2,00,000 |
| DDP/EKM/665/2019/F തീയതി 06.10.2020 | 5,00,000 |
| DDP/EKM/665/2019/F തീയതി 03.12.2020 | 4,00,000 |
| DDP/EKM/665/2019/F തീയതി 24.08.2021 | 4,00,000 |
| ആകെ | 15,00,000 |

പഞ്ചായത്ത് പരിധിയുള്ള പട്ടികജാതി മോഡൽ റസിഡൻഷ്യൽ സ്കൂളിലാണ് CFLTC പ്രവർത്തിച്ചിരുന്നത്. CFLTC യിലെ രോഗികൾക്കും, ആരോഗ്യ വിഭാഗം പ്രവർത്തകർക്കും ഭക്ഷണം, താൽക്കാലിക ജീവനക്കാരുടെ വേതനം, CFLTC ആംബുലൻസിന്റെ ഇന്ധനച്ചെലവ് എന്നിങ്ങനെയുള്ള ചെലവുകൾക്കും,

മാസ്ക്, സാനിറ്റൈസർ, ഫെയ്സ് ഷീൽഡ്, പീ.പി.കിറ്റ് തുടങ്ങിയവ വാങ്ങുന്നതിനുമാണ് പ്രധാനമായും മേൽ തുക ചെലവഴിച്ചിട്ടുള്ളതെന്ന് സെക്രട്ടറി ഹാജരാക്കിയ ധന വിനിയോഗ സാക്ഷ്യപത്രത്തിൽ പറയുന്നു. എന്നാൽ ഈ ചെലവുകൾ ഒരു പദ്ധതി രൂപീകരിച്ചല്ല ചെലവഴിച്ചിട്ടുള്ളത്.

പഞ്ചായത്തിൽ കോവിഡ് രൂക്ഷമായ രണ്ടാം തരംഗത്തിന്റെ കാലയളവിൽ കീഴ്മാട് പട്ടികജാതി മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ഫസ്റ്റ് ലൈൻ ട്രീറ്റ് മെന്റ് സെന്റർ (FLTC) ആരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിൽ അത്യാവശ്യ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുകയും, റഫ്രിജറേറ്റർ, 2 വാഷിംഗ് മെഷീനുകൾ, കിടക്കകൾ, മറ്റ് അനിവാര്യ സാധനങ്ങൾ എന്നിവ വാങ്ങി സ്ഥാപിക്കുകയും, നഴ്സിംഗ് സ്റ്റേഷൻ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ തയ്യാറാക്കുകയും ചെയ്തു. സ്കൂൾ തുറന്നു പ്രവർത്തിക്കേണ്ടതിനാൽ സ്കൂൾ അധികൃതരുടെ അഭ്യർത്ഥന പരിഗണിച്ച് FLTC പ്രവർത്തനം നിലവിൽ നിർത്തിവച്ചിരിക്കുകയാണ്. കോവിഡ് വ്യാപനം കുറഞ്ഞതിനാൽ വേറെ സെന്ററുകൾ തുടങ്ങിയിട്ടില്ല. വാങ്ങിയ സാധനങ്ങളിൽ ഉപയോഗക്ഷമമായ സാധനങ്ങളും, 2 വാഷിംഗ് മെഷീനുകളും പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ സൂക്ഷിച്ചുവരുന്നു. കുറച്ച് സാധനങ്ങൾ പി.എച്ച്.സി.യിലും സൂക്ഷിച്ചിട്ടുള്ളതായി അറിയിച്ചു. ഇവ കേടുകൂടാതെ പരിപാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

കുട്ടികൾക്കുള്ള ഓൺലൈൻ പഠനം സുഗമമാക്കുന്നതിനുള്ള ഫസ്റ്റ് ബെൽ പഠനകേന്ദ്രങ്ങൾ പഞ്ചായത്തിന്റെ നേതൃത്തിൽ തുടങ്ങിയിട്ടില്ലെന്നാണ് അറിയിച്ചത്. കോവിഡ് രോഗപ്രതിരോധപ്രവർത്തനങ്ങളിൽ അടിയന്തിരമായും, ഒഴിവാക്കാനാവാത്തതുമായ പ്രവർത്തനങ്ങൾക്ക് ഫണ്ട് ചെലവഴിക്കാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് വിവേചനാധികാരം ഉണ്ടെങ്കിലും, ചെലവുകൾ പരിധിവിട്ട് പോകാതിരിക്കാനുള്ള ജാഗ്രത പഞ്ചായത്ത് ഭരണസമിതിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 ഓഡിറ്റിൽ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുൻവർഷ ബാലൻസ് | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | | 135995 | നെൽകൃഷി വികസനം | 135995 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | | 84000 | ക്ഷീരകർഷകർക്ക് സബ്സിഡി | 84000 | 0 |
| ജില്ലാ പഞ്ചായത്ത് | 20000 | | ലൈഫ് മിഷൻ – ഭവനനിർമ്മാണം | 20000 | |
| ജില്ലാ പഞ്ചായത്ത് | 800000 | | ലൈഫ് മിഷൻ – ഭവനനിർമ്മാണം | 289446 (കമ്മ്യൂണിറ്റി ഹാൾ നവീകരണത്തിനായി ചെലവഴിച്ചു) | 510554 |
| ബ്ലോക്ക് പഞ്ചായത്ത് | | 373750 | ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 373750 | 0 |
| ജില്ലാ പഞ്ചായത്ത് | | 287600 | ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 287600 | |
| ജില്ലാ പഞ്ചായത്ത് | 10878 | | കമ്മ്യൂണിറ്റി ഹാൾ നവീകരണം | | 10878 |
| ബ്ലോക്ക് പഞ്ചായത്ത് | 679446 | 4000000 | ലൈഫ് മിഷൻ – ഭവനനിർമ്മാണം– എസ് സി | 289446 | 4390000 |

## 4-3 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരം

2014-15 സാമ്പത്തിക വർഷം മുതൽ 20 - 2021 വർഷം വരെ പ്രവൃത്തി നടത്തിയതിന്റെ ബാക്കി തുകയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

ടി പ്രവൃത്തികൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കി വിനിയോഗസാക്ഷ്യ പത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | 2014-15 മുതൽ 2019-20 വരെ മുൻകൂർ നൽകിയ തുക | 2020-21 ൽമുൻകൂർ നൽകിയ തുക | ആകെ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB | Electricity Line Extension General | 1686434 | 827392 | 2513826 | 827392 | 1686434 |
| KWA | Drinking Water Pipe Line | 2066839 | 943687 | 3010526 | - | 3010526 |
| ANERT | Electricity Micro Hydel Project | 459800 | 459800 | 459800 | - | 459800 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നല്കിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| Life | | 600000 (2020-21 ലഭിച്ചത്) | 6778234 | 980902 | | 5797332 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 4893297 |
| തൻവർഷം നിക്ഷേപിച്ച തുക | |
| ആകെ | |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5296994 (403697 പലിശ ) |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കുട്ടമശ്ശേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് | 10/4/2020 | Upto 9/4/21 | 2561285 | പലിശ ഒഴികെ |
| 2. | -ടി- | 2/8/2020 | Upto 1/8/21 | 2332012 | പലിശ ഒഴികെ |
| | | | ആകെ | 4893297 | പലിശ ഒഴികെ |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി | തുക |
|---|---|---|---|---|---|---|
| 1 | 2020-21 | 1-15(2) | 1137/- | ബെസ്റ്റ് ഗ്രാനൈറ്റ്സ് | 120070100281/11.5.20<br>120070100282/11.5.20 | 548<br>589 |
| 2 | 2020-21 | 1-15(2) | 4032/- | സെൻറ് മേരീസ് ആർക്കെയ്ഡ് | 120070100305/11.5.20 | 4032 |
| 3 | 2020-21 | 1-14(6) | 1425/- | മാനേജർ, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ | 120070100497/19.5.20 | 1425 |
| 4 | 2020-21 | 1-15(2) | 5907/- | യുണൈറ്റഡ് ഓയിൽ ഇൻഡസ്ട്രീസ് | 120070100802/29.5.20<br>120070100803/29.5.20 | 2760<br>3147 |
| 5 | 2020-21 | 1-15(2) | 3370/- | സുപ്രീം സ്റ്റീൽ ഇൻഡസ്ട്രീസ് | 120070100830/29.5.20<br>120070100831/29.5.20 | 1728<br>1642 |
| 6 | 2020-21 | 1-15(2) | 2169/- | ഹിൻറാനിയ പ്ലാസ്റ്റിക്സ് പ്രൈവറ്റ് ലിമിറ്റഡ് | 120070101925/25.8.20<br>120070101926/25.8.20 | 1053<br>1116 |
| 7 | 2020-21 | 1-15(2) | 2719/- | ഹൈമാക്സ് മാർക്കറ്റിംഗ് | 120070102065/3.4.2020 | 595 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | 120070102066/3.9.2020 | 2124 |
| 8 | 2020-21 | 1-15(2) | 4059/- | നെൻമണി അഗ്രോ മിൽസ് പ്രൈവറ്റ് ലിമിറ്റഡ് | 120070103561/10.11.2020<br>120070103562/10.11.2020 | 2079<br>1980 |
| 9 | 2020-21 | 1-15(2) | 5777/- | ക്യൂബിക്സ് എഞ്ചിനീയേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് | 120070104849/20.01.2021<br>120070104850/20.01.2021 | 2995<br>2782 |
| 10 | 2020-21 | 1-15(2) | 2892/- | സ്റ്റാർ ആൽഫാ | 120070104922/23.01.2021<br>120070104923/23.01.2021 | 1488<br>1404 |
| 11 | 2020-21 | 1-15(2) | 4159/- | ഫാമിലി സൂപ്പർമാർക്കറ്റ് | 120070105720/22.02.2021<br>120070105721/22.02.2021 | 2129<br>2030 |
| 12 | 2020-21 | 1-15(2) | 2134/- | കരേടത്ത് ഇബ്രാഹിം ക്യാഷ്യൂ പ്രോസ്സസ്സേഴ്സ് | 10070107645/31.03.2021<br>12007017646/31.03.2021 | 1092<br>1042 |
| 13 | 2020-21 | 1-15(2) | 18,096/- | അമീൻ ട്രേഡ്സ് | 10070102020/27.08.2020<br>10070102021/27.8.2020 | 8990<br>9106 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 8,9 | 2003-2004 | 12 | മരാമത്ത് പണികൾക്ക് അധിക തുക നൽകിയത് | പിരിഹരിച്ചിട്ടില്ല |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 10,26,34,302 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 10,98,50,325 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 685426 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദി |
|---|---|---|

| | | |
|---|---|---|
| 1-19 | 5733 | ഡോ. മിനി കെ.എസ് മെഡിക്കൽ ഓഫീസർ, ഹോമിയോ. |
| 1-21 | 679693 | ഡോ.ലിസ്യൂക്സ് സെബാസ്റ്റ്യൻ മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| ആകെ | 6,85,426 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേര് | നിലവിലെ മേൽവിലാസം | സ്ഥിര മേൽവിലാസം |
|---|---|---|
| ഡോ. മിനി കെ.എസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ. | ലഭ്യമല്ല |
| ഡോ.ലിസ്യൂക്സ് സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ, അലോപ്പതി | ലഭ്യമല്ല |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | കെ.എസ്.എ.ഇ.കെ.എം (പി 5) 681(i)/ 18, 15.09.18 |
| 1997-98 | കെ.എസ്.എ.ഇ.കെ.എം (പി 5)681(ii) / 18, 15.09.18 |
| 1998-99 | കെ.എസ്.എ.ഇ.കെ.എം (പി 5)681(iii)/ 18, 15.09.18 |
| 1999-2000 | കെ.എസ്.എ.ഇ.കെ.എം (പി 5)681(iv)/ 18, 15.09.18 |
| 2000-01 (നോൺ പ്ലാൻ ചെലവ്) | കെ.എസ്.എ.ഇ.കെ.എം (പി 5)681(vi)/ 18, 15.09.18 |
| 2000-01 (പ്ലാൻ) | കെ.എസ്.എ.ഇ.കെ.എം (പി 5)681(vii)/ 18, 15.09.18 |
| 2001-02 വരവ് | കെ.എസ്.എ.ഇ.കെ.എം (പി 5)681(viii)/18, 15.09.18 |
| 2002-03 ചെലവ് | കെ.എസ്.എ.ഇ.കെ.എം (പി 5)681(xii)/ 18, 15.09.18 |
| 2003-04 | കെ.എസ്.എ.ഇ.കെ.എം (പി 5)681(xiii)/ 18, 15.09.18 |
| 2004-05 | കെ.എസ്.എ.ഇ.കെ.എം (പി 5)681(xiv)/ 18, 15.09.18 |
| 2005-06 | കെ.എസ്.എ.ഇ.കെ.എം (പി 5)681(xv)/ 18, 15.09.18 |
| 2006-07 | എൽഎഫ്ഇ (പി 5)1315/12, 12.11.12 |
| 2007-08 | എൽഎഫ്ഇ (പി 5) 645/09, 02.05.12 |

| | |
|---|---|
| 2008-09 | എൽഎഫ്ഇ (പി 5)1663/11/, 17.07.12 |
| 2009-10, 2010-11, 2011-12 | കെ.എസ്.എ.ഇ.കെ.എം (പി 5)387/17, 17.06.17 |
| 2012-13 | കെ.എസ്.എ.ഇ.കെ.എം (പി 5)1025/16, 12.06.17 |
| 2013-14 & 2014-15 | കെ.എസ്.എ.ഇ.കെ.എം (പി 5)1125/16, 31.05.17 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം (പി 5)733/17, 25.07.18 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം (പി 5)1648/17, 18.07.18 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം (പി 5)2320/18, 10.07.19 |
| 2018-19 | കെ.എസ്.എ.ഇ.കെ.എം (പി 5)1694/18, 07.12.19 |
| 2019-20 | കെ.എസ്.എ.ഇ.കെ.എം (പി5)1560/2021, തീ. |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ കീഴ്മാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കീഴ്മാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്